

THURSDAY 25/09/2025 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


Chief Editor: SINDHU. KS Editor: Dr. V. Krishnadas



Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 25/09/2025

1. കുട്ടനാട്ടിലെ രണ്ടാംകൃഷി ഇറക്കിയ പാടശേഖരങ്ങളിൽ ബാക്ടീരിയൽ ഇലകരിച്ചിൽ രോഗം വ്യാപകമായി കാണുന്നു. വിത കഴിഞ്ഞ് 40 ദിവസം മുതലുള്ള പാടശേഖരങ്ങളിൽ രോഗബാധ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതുവരെ 10 കൃഷിഭവനുകളുടെ പരിധിയിൽ വരുന്ന 27 പാടശേഖരങ്ങളിലായി 956 ഹെക്ടറിൽ രോഗബാധ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സാന്തോമോണാസ് കാംപെസ്ട്രിസ് എന്ന ബാക്ടീരിയയാണ് രോഗകാരി. ചെടിയ്ക്കുള്ളിൽ ബാക്ടീരിയൽ കോശങ്ങൾ അതിവേഗത്തിൽ വളർന്നു പെരുകുന്നതിനാലും, വൈകി മാത്രം രോഗലക്ഷണങ്ങൾ പുറമേ പ്രത്യക്ഷപ്പെടുന്നതിനാലും രോഗനിയന്ത്രണം വളരെ ശ്രമകരമാണ്. മഴ, കാറ്റ്, പാടശേഖരത്തിലെ ജലസേചനത്തിനുള്ള വെള്ളം, ഇലത്തുമ്പുകൾ തമ്മിലുരസുന്നത് എന്നിവയിലൂടെയെല്ലാം രോഗവ്യാപനം വളരെ വേഗത്തിൽ നടക്കുന്നു. അതുകൊണ്ട് പാടശേഖരാടിസ്ഥാനത്തിൽ എല്ലാ കർഷകരും രോഗനിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കണം. രോഗവ്യാപനം കൂടുതലായി കാണുന്ന ഇടങ്ങളിൽ നിയന്ത്രണത്തിനായി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ആൻ്ററിബയോട്ടിക്കുകളും, കോപ്പർ കലർന്ന കുമിൾനാശിനികളുമാണ് ശുപാർശ ചെയ്യുന്നത്. എന്നാൽ ഇവ വളരെ ശ്രദ്ധാപൂർവ്വം പ്രയോഗിക്കേണ്ടതുണ്ട്. ഇലകരിച്ചിലുള്ള പാടശേഖരത്തിലെ ജലനിയന്ത്രണത്തിലും പ്രത്യേകം ശ്രദ്ധിക്കണം. നിലം ഉണങ്ങാനോ, ഒരു പ്രാവശ്യം കയറ്റിയ വെള്ളം തുടർച്ചയായി കെട്ടി നിർത്താനോ പാടില്ല. ഇടവിട്ടിടവിട്ട് വെള്ളം കയറ്റിയിറക്കണം. ബ്ലീച്ചിംഗ് പൗഡർ തുമ്പുകളിൽ കിഴി കെട്ടിയിടുമ്പോൾ, അത് കട്ടപിടിക്കാതെ ശ്രദ്ധിക്കണം. അല്ലെങ്കിൽ ഉദ്ദേശിക്കുന്ന പ്രയോജനം കിട്ടില്ല. കൃഷിയിടം പരിശോധിച്ച്, വിളയുടെ ആരോഗ്യാവസ്ഥയ്ക്കനുസരിച്ച് നിർദ്ദേശ പ്രകാരമുള്ള മൂലകപോഷണം നൽകണം. കൂടുതൽ വിവരങ്ങൾക്ക് കർഷകർക്ക് കീടനിരീക്ഷണ കേന്ദ്രവുമായി ബന്ധപ്പെടാവുന്നതാണ്. ഫോൺ നമ്പർ 9383470696.

2. കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ 2025-26 വാർഷിക പദ്ധതിയുടെ ഭാഗമായി സപ്പോർട്ട് ടു ഫാം മെക്കനൈസേഷന് പദ്ധതിയിൽ ജില്ലയിലെ കർഷകർക്കും കർഷക സംഘങ്ങൾക്കുമായി കാർഷിക അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ട സർവീസ് ക്യാമ്പുകള് സംഘടിപ്പിക്കുന്നു. കാർഷിക യന്ത്രങ്ങള് റിപ്പയര് ചെയ്യാനാഗ്രഹിക്കുന്ന

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വ്യക്തികൾക്കും കർഷക സംഘങ്ങൾക്കും അപേക്ഷിക്കാം. നിബന്ധനകൾക്ക് വിധേയമായി സ്പെയര് പാർട്സുകൾക്ക് 25 ശതമാനം മുതൽ 100 ശതമാനം (പരമാവധി 1000 മുതല് 5000 രൂപ വരെ) വരെയും, റിപ്പയർ ചാർജുകൾക്ക് 25 ശതമാനവും (പരമാവധി 1000 രൂപ) ധനസഹായം ലഭിക്കും. പൂരിപ്പിച്ച അപേക്ഷകൾ ഒക്ടോബര് ഏഴ് വരെ സ്വീകരിക്കും. 2025-26 വർഷത്തില് രണ്ടുഘട്ടമായി 20 സർവീസ് ക്യാമ്പുകളാണ് ജില്ലാ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിന്റെ നേതൃത്വത്തിൽ നടത്തുക. കൂടുതൽ വിവരങ്ങൾക്കും അപേക്ഷ ഫോമുകൾക്കും അതത് കൃഷിഭവനുമായോ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായോ ബന്ധപ്പെടാം. ഫോൺ: 9383472051, 9383472052.

3. നാളികേര വികസന ബോർഡിൻ്റെ നേരൃമംഗലത്തുള്ള വിത്തുൽപാദന പ്രദർശന തോട്ടത്തിൽ പാകി കിളിർപ്പിച്ച അത്യുൽപാദന ശേഷിയുള്ള കുറ്റ്യാടി (WCT) തെങ്ങിൻ തൈകൾ വിൽപ്പനയ്ക്ക് തയാറായിട്ടുണ്ട്. വില 100 രൂപ. പുതുകൃഷി പദ്ധതി പ്രകാരം 350 രൂപ ബോർഡിൻ്റെ സബ്സിഡി ലഭിക്കു-തിനുള്ള അപേക്ഷാ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഫോമുകളും തൈകൾക്കൊപ്പം ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ 04852554240,എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

4. സംസ്ഥാന ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന ജനകീയ മത്സ്യകൃഷി പദ്ധതിയുടെ ഭാഗമായി മുറ്റത്തൊരു മീൻതോട്ടം (പടുത കുളം) പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. അര സെന്റ് പടുതാക്കുളങ്ങളുള്ള കർഷകർക്ക് തദ്ദേശീയ മത്സ്യക്കുഞ്ഞുങ്ങളെ സൗജന്യമായി ഫിഷറീസ് വകുപ്പിൽ നിന്നും ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് ജില്ലാ ഓഫീസുമായോ മത്സ്യഭവനകളുമായോ ബന്ധപ്പെടാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0477-2252814, 0477 2251103.

5. കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള തൊഴിലാളികളുടെ മക്കളിൽ 2024-25 ലെ ഹയർ സെക്കന്ററി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ വിദ്യാർത്ഥിനികൾക്കുള്ള ഉപരിപഠന സ്കോളർഷിപ്പ് (10,000രൂപ) പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. കയർ തൊഴിലാളി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരും 2025 മെയ് 31 ല് രണ്ടു വർഷത്തെ സാധുവായ അംഗത്വമുള്ള കുടിശ്ശിക കൂടാതെ വിഹിതം ഒടുക്കി വരുന്ന തൊഴിലാളികളുടെ പെൺകുട്ടികളിൽ 2024-25 ലെ പ്ലസ് ടു ഹയർ സെക്കന്ററി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ളസ് വാങ്ങിയവർക്കാണ് സ്കോളർഷിപ്പിന് അർഹത. ബി പി എൽ വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്ക് മുൻഗണന ലഭിക്കും. അപേക്ഷയ്ക്കൊപ്പം അപേക്ഷകന് ക്ഷേമനിധി പാസ്സ് ബുക്കിന്റെ കോപ്പിയും വിദ്യാർത്ഥിനിയുടെ പ്ലസ് ടു മാർക്ക് ലിസ്റ്റ് സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പം വിദ്യാർഥിനിയുടെ ആധാർ പകർപ്പം അപേക്ഷകന്റെ ബാങ്ക് പാസ്സ് ബുക്കിന്റെ കോപ്പിയും (ബാങ്ക് അക്കൗണ്ട ആധാർ ലിങ്ക് ചെയ്തതായിരിക്കണം) റേഷൻകാർഡിന്റെ പകർപ്പ് എന്നിവയും ഹാജരാക്കേണ്ടതാണ്. അപേക്ഷ സൗജന്യമായി ബോർഡിന്റെ എല്ലാ ഓഫീസുകളിൽ നിന്നും https://www.coirworkerswelfarefundkerala.gov.in വെബ്സൈറ്റിൽ നിന്നും ലഭിയ്ക്കും. അപേക്ഷാ ഫോം കയർ തൊഴിലാളി ക്ഷേമനിധി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ബോർഡിന്റെ എല്ലാ ഓഫീസുകളിലും ഒക്ടോബർ 31 വരെ സ്വീകരിക്കുമെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

## പരിശീലന പരിപാടി

6. ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ വെച്ച് **ശാസ്ത്രീയ കറവപ്പശു പരിപാലനം'** എന്ന വിഷയത്തിൽ സൗജന്യ പരിശീലനം സംഘടിപ്പിക്കുന്നു. 2025 സെപ്തംബർ 25 വ്യാഴാഴ്ച രാവിലെ 10മണി മുതൽ 5 മണി വരെയാണ് പരിശീലനം. പരിശീലനത്തിന് പങ്കെടുക്കാൻ താൽപ്പര്യമുള്ള കർഷകർ **0494-296 2296** എന്ന നമ്പരിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. **കാർഷിക മൃഗസംരക്ഷണ നിർദേശം**

ഇഞ്ചിയിൽ മൂടുചീയൽ രോഗം കാണുകയാണെങ്കിൽ രോഗബാധിതമായ ചെടികൾ കിളച്ചുമാറ്റി 2 ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി ഒഴിക്കുക. രോഗം വ്യാപിക്കാതിരിക്കാൻ മൂന്ന്മീറ്റർ സ്ക്വയർ ബെഡിന്15

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഗ്രാം ബ്ലീച്ചിങ് പൗഡറും, 250 ഗ്രാം കുമ്മായവും കൂട്ടികലർത്തി തടത്തിൽ ഇട്ടുകൊടുക്കാവുന്നതാണ്.

ഇടയ്ക്കിടെ പെയ്യുന്ന മഴ മൃഗങ്ങളുടെ തീറ്റയിൽ ഫംഗസ് വളർച്ചയ്ക്ക് കാരണമാകും. അതിനാൽ തീറ്റ പകൽ സമയത്ത് ഉണക്കി വരണ്ട സ്ഥലങ്ങളിൽ സൂക്ഷിക്കുക. പകൽ സമയത്ത് കാലിത്തൊഴുത്തിൽ ഫാനും ശരിയായ വായുസഞ്ചാരവും നൽകുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം